©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2015 ഏപ്രിൽ 25<br>25th April 2015<br>1190 മേടം 11<br>11th Medam 1190<br>1937 വൈശാഖം 5<br>5th Vaisakha 1937 | നമ്പർ<br>No. | 916 |


## കേരള സർക്കാർ

### തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 47/2015/തൊഴിൽ. *തിരുവനന്തപുരം, 2015 ഏപ്രിൽ 21 / 1190 മേടം 7.*

**എസ്. ആർ. ഒ. നമ്പർ 244/2015.**—1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്റ്റിലെ (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 386/99-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയതും, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 56/99/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ച 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള കരട് പദ്ധതി പൊതുജനങ്ങളുടെ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞുകൊണ്ട് 2014 മേയ് 20-ാം തീയതിയിലെ 25814/എച്ച്3/12/തൊഴിൽ നമ്പർ വിജ്ഞാപനമായി 2014 മേയ് 31-ാം തീയതിയിലെ 1393-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും അതിൻമേൽ നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപവും നിർദ്ദേശവും ലഭിച്ചിട്ടില്ലാത്തതിനാലും കേരള സർക്കാർ, താഴെപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/1565/2015/S-16.

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2015-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ 7-ാം അദ്ധ്യായത്തിൽ 18-ാം ഖണ്ഡികയിൽ (6)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"(6) ഒരു അംഗത്തിന് അവകാശപ്പെട്ട ഏതെങ്കിലും ആനുകൂല്യത്തിന് അർഹത നേടി 2 വർഷത്തിനുള്ളിൽ അപേക്ഷിക്കാതെയും, ആനുകൂല്യ തുക അനുവദിച്ച് 3 വർഷത്തിനകം കൈപ്പറ്റാതെയും വന്നാൽ അത്തരം തുകയിൽ പ്രസ്തുത അംഗത്തിന്റെയും അയാളുടെ നോമിനി അടക്കമുള്ള അവകാശികളുടേയും അവകാശം നഷ്ടപ്പെടുന്നതും ആയത് ഈ പദ്ധതി അനുസരിച്ചുള്ള പൊതു ക്ഷേമനിധിയിലേയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്. പ്രസ്തുത കാലയളവ് വരെയുള്ള അപേക്ഷകളിൽ ജില്ലാ ചെയർമാന് തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നിരുന്നാലും കാലതാമസം സംബന്ധിച്ച് ജില്ലാ കമ്മിറ്റിയുടെ ശുപാർശ സഹിതം, ബോർഡ് മുൻപാകെ അപ്പീൽ സമർപ്പിച്ച് തക്കതായ കാരണം ബോധിപ്പിക്കുന്നപക്ഷം മേൽ സൂചിപ്പിച്ച രണ്ട് സന്ദർഭങ്ങളിലും ഒരു വർഷം വരെ ഇളവ് അനുവദിക്കുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതും, ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് സ്കാറ്റേർഡ് പദ്ധതിയിൽ 7-ാം അദ്ധ്യായത്തിലെ 18-ാം ഖണ്ഡികയിലെ (6)-ാം ഉപഖണ്ഡിക പ്രകാരം മൂന്ന് വർഷത്തിനുശേഷമോ അല്ലെങ്കിൽ ഒരു ആനുകൂല്യം കാലഹരണപ്പെടുന്ന പരമാവധി അഞ്ച് വർഷമെന്ന കാലാവധിക്ക് ശേഷവും ഒരു അംഗത്തിന് അർഹതപ്പെട്ട ഏതെങ്കിലും ആനുകൂല്യങ്ങൾ അവകാശപ്പെടാതെയോ കൈപ്പറ്റാതെയോ കിടക്കുന്നതായാൽ അതിൻമേൽ പ്രസ്തുത അംഗത്തിന്റെയും അയാളുടെ നോമിനിയും അടക്കമുള്ള മറ്റവകാശികളുടെയും അവകാശം നഷ്ടപ്പെടുന്നതും ആയത് ഈ പദ്ധതി അനുസരിച്ചുള്ള പൊതുക്ഷേമനിധിയിലേക്ക് മുതൽകൂട്ടുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി പദ്ധതി ഭേദഗതി ചെയ്യുവൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

---